Email. keralarcs.coop@keralagov.in
website:-www.cooperation kerala.gov.in
Tel.No. 0471-2330726

നമ്പർ. സി.പി(5) 54627/17

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 12.3.2018

## സർക്കുലർ നമ്പർ 17/2018

വിഷയം : സഹകരണ വകുപ്പ്– പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 401 സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ടി സംഘത്തിൽ നിന്നും ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നത് – സംബന്ധിച്ച്

സൂചന : 1) സംഘം ഭരണസമിതിയുടെ 7.11.2017 ലെ 1–ാം നമ്പർ തീരുമാനം

2) മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 14.11.2017 ലെ പി.(3) 9856/17 നമ്പർ കത്ത്

...............

എം. 401–ാം നമ്പർ പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് സമാഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ മറ്റ് സഹകരണ സംഘത്തിൽ നിന്നും ഓഹരിയെടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിക്കായി സൂചന (1) പ്രകാരം സംഘം ഭരണസമിതി തീരുമാനം കൈക്കൊളളുകയും, പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘത്തിന് സംസ്ഥാനത്തെ മുഴുവൻ സംഘങ്ങൾക്കും ടി സംഘത്തിൽ നിന്നും ഓഹരിയെടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സൂചന (2) പ്രകാരം മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ബൈലോ നിയമാവലി (2) പ്രകാരം ബി ക്ലാസ്സ് ഓഹരിയെടുക്കുന്നതിന് 'സ്ഥാപനങ്ങൾക്ക് പ്രവർത്തനപരിധി ബാധകമായിരിക്കുന്നതല്ലായെന്ന്' വ്യവസ്ഥയുണ്ട്. 1969 ലെ കേരള സഹകരണ സംഘം ആക്ട് വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് മറ്റ് സഹകരണ സംഘങ്ങളിൽ ഓഹരി/സെക്യൂരിറ്റി എന്നിവയിൽ രജിസ്ട്രാറുടെ അനുമതിയോടെ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥയ്ക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്കും വിധേയമായി പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം എം. 401 ൽ ഓഹരിയെടുക്കുന്നതിന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി
പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ്
സഹകരണ സംഘം ക്ലിപ്തം എം. 401,
എൻ.ജി.ഒ. യൂണിയൻ ബിൽഡിംഗ്, പട്ടാമ്പി റോഡ്, പെരിന്തൽമണ്ണ – 679322

പകർപ്പ്

1. ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)
   മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്
   (സർക്കുലർ നിർദ്ദേശം സഹകരണ സംഘങ്ങളുടെയും ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്) എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം //

Sreelekha. e. R

അസിസ്റ്റന്റ് രജിസ്ട്രാർ(സി. പി. – എ)